Reg. No.: ..............................

Name : ..................................

**K19P 0250**

**II Semester M.A. Degree (Reg./Suppl./Imp.) Examination, April 2019**
**(2014 Admission Onwards)**
**MALAYALAM LANGUAGE AND LITERATURE**
**MAL 2C 07 : Novel Literature**

Time : 3 Hours Max. Marks : 80

I. **രണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1) "ആത്മഹത്യകളൊക്കെ കറുത്ത മരണങ്ങളാണ്. ക്ഷോഭാകുലമായ പ്രകടനം. പക്ഷേ സല്ലേഖനം അതല്ല പൂവിടരുന്നതുപോലുള്ള മരണമാണത്." കൃഷ്ണചന്ദ്രൻ ഇങ്ങനെ പറയുന്നതെന്തുകൊണ്ട് ?

2) "ഒരു കൊല്ലമങ്ങു കഴിയട്ടെ; ആളുകൾ അസൂയയോടെ നോക്കിപ്പറയും; അതാ മാത്തൻ മുതലാളിയുടെ എഷ്ട്രേറ്റ്" – സന്ദർഭമേത് ? വിശദീകരിക്കുക.

3) വൈത്തിപ്പട്ടർ എന്ന കഥാപാത്രത്തിന്റെ രൂപവും സ്വഭാവവും ചന്തുമേനോൻ ചിത്രീകരിച്ചിരിക്കുന്നതെങ്ങനെ ?

4) വ്യക്തി അവന്റെ ജീവിതസാഹചര്യങ്ങളിലൂടെ അന്യവൽക്കരിക്കപ്പെട്ടു പോകുന്നത് എപ്രകാരമാണ് 'സാക്ഷി'യിൽ അവതരിപ്പിക്കുന്നത് ?

5) "ഒരു കണക്കിൽ ദർസറും കുറ്റക്കാരനാണ്. ആർക്കും ഇറങ്ങിക്കളിക്കാവുന്ന ഒരു സ്ഥലമാക്കി നമ്മുടെ പൊരമാറ്ററുത് – കുഞ്ഞിക്കേളു ഇങ്ങനെ അഭിപ്രായപ്പെടാനിടയായ സാഹചര്യമെന്ത് ? **(5×4=20)**

II. **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

6) a) നോവലിലെ മഹാകാവ്യമാണ് 'തക്ഷൻകുന്ന് സ്വരൂപം' – നിരൂപിക്കുക.

**അല്ലെങ്കിൽ**

b) "വ്യത്യസ്തമായ അധികാര ബന്ധങ്ങളാണ് സാമൂഹിക ജീവിതത്തിന്റെ സ്വഭാവമെന്നും അധികാരം ജനങ്ങളെ പീഢിപ്പിക്കുന്നതിന്റെ ചരിത്രമാണ് മനുഷ്യചരിത്രമെന്നുമുള്ള അടിസ്ഥാന വീക്ഷണം ആനന്ദിന്റെ നോവലുകൾ ആവിഷ്ക്കരിക്കുന്നു" – ഗോവർദ്ധനന്റെ യാത്രകൾ എന്ന നോവലിനെ അടിസ്ഥാനമാക്കി നിരൂപിക്കുക.

P.T.O.

7) a) നിഷ്കാസിതരുടെ ലോകമാണ് എം. ടി.യുടെ കഥാപ്രപഞ്ചം. 'കാലം' എന്ന നോവലിനെ ആസ്പദമാക്കി പരിശോധിക്കുക.

**അല്ലെങ്കിൽ**

b) ഇന്ദുലേഖയെക്കാൾ വിശിഷ്ടമായ നോവലാണ് ശാരദ എന്ന ഉള്ളൂരിന്റെ അഭിപ്രായം വിമർശനദൃഷ്ട്യാ പരിശോധിക്കുക.

8) a) വിപ്ലവ പ്രസ്ഥാനങ്ങളുടെ വളർച്ചയും അപചയവും ഒരു പോലെ ചിത്രീകരിക്കാൻ ചുടലമുത്തു എന്ന കഥാപാത്രത്തിലൂടെ തകഴിക്കു കഴിഞ്ഞിട്ടുണ്ട്. വിശദീകരിക്കുക.

**അല്ലെങ്കിൽ**

b) കുടിയേറ്റക്കാരോടൊപ്പം കുടിയേറുന്ന സംഘടിതമായ പൗരോഹിത്യം ജനങ്ങളെ ചൂഷണം ചെയ്യുന്നതും 'വിഷകന്യക'യുടെ വിഷയമാണ്. ചർച്ച ചെയ്യുക.

9) a) ആധുനിക മനുഷ്യ ജീവിതത്തിൽ പലരും നേരിട്ടു കൊണ്ടിരിക്കുന്ന അപാരമായ ശൂന്യതയും അതിൽ നിന്നും ചിലർ കണ്ടെടുക്കുന്ന 'ആത്മഹത്യ' എന്ന സ്വയം വിമോചനമാർഗവുമാണ് പി. സുരേന്ദ്രന്റെ 'ശൂന്യമനുഷ്യൻ' എന്ന നോവലിന്റെ ഇതിവൃത്തം. സമർത്ഥിക്കുക.

**അല്ലെങ്കിൽ**

b) മാജിക്കൽ ഹിസ്റ്ററി എന്നു വിശേഷിപ്പിക്കാവുന്ന നോവലാണ് കെ. ടി. എൻ. കോട്ടൂർ എഴുത്തും ജീവിതവും – സമർത്ഥിക്കുക.

10) a) അതിർത്തിയിലെ യുദ്ധങ്ങളെക്കാൾ തീവ്രവും ഭീകരവുമായ മാനസിക സംഘർഷങ്ങളാണ് നന്തനാരുടെ കഥാപാത്രങ്ങളെ വ്യത്യസ്തരാക്കുന്നത്. ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

b) കേരളീയ ക്രൈസ്തവ സമൂഹത്തിന് സംഭവിച്ചിരിക്കുന്ന ധർമ്മച്യുതിയുടെ ദുരന്തകഥയാണ് അരനാഴിക നേരത്തിൽ ആഖ്യാനം ചെയ്തിരിക്കുന്നത്. വിശദീകരിക്കുക. **(5×6=30)**

III. **ആറു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

11) a) തിരുവിതാംകൂറിൽ നിന്നുള്ള കുടിയേറ്റക്കാരെ മയക്കി ഒടുവിൽ കൊടും തണുപ്പിനും മലമ്പനിക്കും അവരെ വിട്ടുകൊടുക്കുന്ന വയനാടൻ മണ്ണാണ് വിഷകന്യക – സമർത്ഥിക്കുക.

**അല്ലെങ്കിൽ**

b) മലയാള നോവലിന്റെ ഉദ്ഭവത്തിനു പശ്ചാത്തലമൊരുക്കിയ ചരിത്രശക്തി ഇന്ത്യൻ നവോത്ഥാനമാണ്. വിശദീകരിക്കുക.



12) a) തോട്ടിയുടെ മകന്റെ ധർമ്മസങ്കടങ്ങൾ വിവരിക്കുമ്പോഴും രണ്ടു നൂറ്റാണ്ടിലെ കേരളത്തിലെ സാമൂഹിക പരിണാമം ചിത്രീകരിക്കുമ്പോഴും ഒരു റിയലിസ്റ്റിന്റെ നിർലേപത പാലിക്കാൻ തകഴിക്കു കഴിയുന്നുണ്ട്. ശരിയോ ? വ്യക്തമാക്കുക.

**അല്ലെങ്കിൽ**

b) സാറാ ജോസഫിന്റെ ആളോഹരി ആനന്ദം എന്ന നോവൽ ഉത്തരാധുനിക സ്വഭാവം പ്രകടമാക്കുന്നു. ശരിയോ ? പരിശോധിക്കുക.

13) a) മലയാളത്തിലെ നവോത്ഥാനകാല നോവലുകളുടെ സവിശേഷതകൾ വിലയിരുത്തുക.

**അല്ലെങ്കിൽ**

b) മലയാളത്തിലെ ജനപ്രിയ സാഹിത്യത്തിന്റെ ഉദ്ഭവം മുട്ടത്തു വർക്കിയിൽ നിന്നാണ് എന്ന അഭിപ്രായം പാടാത്ത പൈങ്കിളിയെ മുൻനിർത്തി പരിശോധിക്കുക. **(3×10=30)**

---